*ബാബ അപരാഹ്നവേളകളിൽ പ്രശാന്തിനിലയത്തിലെ വരാന്തയിൽ തനിക്കു ചുറ്റും കൂടുന്ന വിദ്യാർത്ഥികൾക്ക് നൽകുന്ന പ്രധാന സന്ദേശങ്ങളിൽ ചിലത് തെരഞ്ഞെടുത്ത് അധിക സത്സംഗമായി അവതരിപ്പിക്കുകയാണ് പ്രഫസർ അനിൽകുമാർ. ഈ പ്രഭാഷണം തുടരും.*

# വിദ്യാർത്ഥികളുമായുള്ള ബാബയുടെ സംഭാഷണങ്ങൾ

**പ്രഫസർ അനിൽകുമാറിന്റെ സത്സംഗം മാർച്ച് 3, 2004**

## സായീ വിവേകമുത്തുകൾ(Sai Pearls of Wisdom) ഭാഗം 27C

## ചോദ്യോത്തരങ്ങൾ

### Q. സ്വാമി സന്തോഷവാനാണോ എന്ന് ഒരുവന് എങ്ങനെ പറയാനാവും?

ഉത്തരം: നിങ്ങൾക്ക് ബാബയുടെ ഭാവങ്ങൾ രണ്ടു രീതിയിൽ വായിച്ചെടുക്കാം: ഒന്ന് വാച്യം, വാക്കുകളാൽ പ്രകടിപ്പിക്കപ്പെടുന്നത്; രണ്ടാമത്തേത്, മുഖഭാവവും ശരീരഭാഷയും. ഇത് എന്റെ ധാരണ പ്രകാരമാണ്, ഇതിൽ എന്തെങ്കിലും വ്യത്യാസമുണ്ടെങ്കിൽ



നിങ്ങൾക്ക് തിരുത്താവുന്നതാണ്. എങ്കിൽ അത് ഞാനുമായി പങ്കിടുന്നതിന് ഞാൻ നിങ്ങളെ സ്വാഗതം ചെയ്യുന്നു. ഒരു ഗാനമുണ്ടെന്നു വയ്ക്കുക, അവിടുന്നതിന് ഇങ്ങനെ താളം പിടിക്കുന്നു എന്നിരിക്കട്ടെ(അനിൽകുമാർ മേശമേൽ താളമിട്ട് കാണിക്കുന്നു)-അവിടുന്ന് താളം പിടിച്ചുകൊണ്ടിരിക്കുന്നു. അതിനർത്ഥം അവിടുന്ന് അത് വളരെ ഇഷ്ടപ്പെടുന്നു എന്നാണ്. താളമൊന്നുമില്ലെങ്കിൽ, ആ സംഗീതം പതിവുപോലെ മാത്രം.

ഒരു പ്രസംഗത്തിനിടയ്ക്ക്, അവിടുന്ന് പ്രഭാഷകനെ തറപ്പിച്ചു നോക്കിയിട്ട്, ചിരിക്കാൻ തുടങ്ങുമ്പോൾ, അത് സൂചിപ്പിക്കുന്നത് ഭഗവാന് അതിഷ്ടമായി എന്നാണ്. അവിടുന്ന് മിഴികളടച്ച് മറ്റെവിടെയോ നോക്കിയിരിക്കുകമാത്ര മാണ് എങ്കിൽ, ആ പ്രഭാഷണം പതിവുപോലെ മാത്രം.



ഇവ എന്റെ കുട്ടികൾക്ക്, അവർ ജാഗ്രതയോടെ ഇരിക്കാനായി, ഞാൻ നൽകാറുള്ള ചില സൂചന കളിൽ ചിലതാണ്, എന്തുകൊണ്ടെന്നാൽ ഞങ്ങൾ ഞങ്ങളുടെ പ്രസന്റേഷനുകൾ അവതരിപ്പിക്കുന്ന വേളയിൽ, ഭഗവാന് അതിഷ്ടമാവണം എന്നത് ഏറ്റവും പ്രധാനമാണ്. ഭഗവാൻ സന്തുഷ്ടനായാൽ സമസ്ത ലോകവും സന്തുഷ്ടമാവും. നിങ്ങൾ അങ്ങനെ കരുതുന്നില്ലേ? ഭഗവാൻ സന്തുഷ്ടനായാൽ, ലോകാഭിപ്രായം ഞങ്ങൾ ഗൗനിക്കാറേയില്ല. അതുകൊണ്ട്, നാം നിരന്തരമായി നിരീക്ഷിച്ചുകൊണ്ടിരിക്കണം. അതാണ് ഞാൻ ചെയ്യാറുള്ളത്. നിങ്ങൾക്കും ഇതെപ്പറ്റി ധാരണയുണ്ടാവണം. നിങ്ങൾ സാധാരണക്കാരല്ല, എനിക്കറിയാം. ദൈവികതയുടെ ഈ രഹസ്യങ്ങളെപ്പറ്റി, അത് കേവലം മുഖഭാവമായാലും ശരീരഭാഷയായാലും, അറിയാൻതക്കവണ്ണം നിങ്ങളും സമർത്ഥരാണ്.

ഇനി മറ്റൊരു കാര്യം, പദപ്രയോഗമാണ്: "വളരെ നന്നായി, എനിക്ക് സന്തോഷമായി. എന്റെ കുട്ടികളേ, എനിക്ക് സന്തോഷമായി, വളരെ സന്തോഷമായി, വളരെ നല്ലത്, വളരെ നല്ലത്."

ഇനി, മറ്റൊരു കാര്യം ഇതാണ്: "ഈ കുട്ടികൾ വരുമ്പോൾ, സ്വാമി അവരുടെ പുറത്ത് തട്ടും. ഒരു ഗ്രൂപ്പ് ഫോട്ടോയ്ക്ക് അവിടുന്ന് സമ്മതിക്കുന്നു എന്നത്, ആ പ്രോഗ്രാം ഒരു വൻവിജയമായിരുന്നു എന്നതിന്റെ സൂചനയാണ്. 'നമുക്ക് നാളെ കാണാം' എന്ന് അവി ടുന്ന് പറയുകയാണെങ്കിൽ, അതിനർത്ഥം ആ പ്രോഗ്രാം കണക്കായിരുന്നു, ആ നാളെ ഒരിക്കലും വരാൻ പോവുന്നില്ല.

ഈ ചോദ്യങ്ങൾ കൃഷ്ണൻ, എല്ലാവരുടെയും പ്രയോജനത്തിനായി, വളരെക്കാലം മുമ്പേ ചോദിച്ചത് നന്നായി. ഇവ ദൈവികതയുടെ ലക്ഷണങ്ങളാണ്; ഇവ പ്രേമത്തിന്റെ പ്രകടന ങ്ങളാണ്, കുട്ടികൾ അഥവാ വിശിഷ്ടാതിഥികൾ കാലാകാലങ്ങളായി, കുൽവന്ത്ഹാ ളിലോ അഥവാ മറ്റു സ്ഥലങ്ങളിലോ വച്ച് അവതരിപ്പിക്കുന്ന പരിപാടികളുടെ ആസ്വാദന മായുള്ളതാണ്.

## Q. ആൺകുട്ടികളുടെ പിറന്നാൾവേളകളെപ്പറ്റി കുറച്ച് വിവരങ്ങൾ തരാമോ?

ഉത്തരം: പിറന്നാൾ വേളകളിൽ, അവതരണം എങ്ങനെയായിരുന്നാലും, പിറന്നാൾകുട്ടികൾക്ക് അക്ഷതവും ഫോട്ടോഗ്രാഫുകളും കൊണ്ടുവരാനും അനുവാദമുണ്ടാവും. സ്വാമി, സ്വാഭാവികമായും, അവ അനുഗ്രഹിക്കുകയും അവരുടെ ഫോട്ടോകളിൽ ഒപ്പിട്ടുനൽകുകയും ചെയ്യും. അവർ 'ബർത്ത്ഡേ ബോയ്സ്' ആണ്, നിങ്ങൾക്കറിയാമല്ലോ.

## Q. സ്വാമി എന്നോട് സംസാരിക്കുന്നില്ല, എനിക്ക് ഇന്റർവ്യൂ തരുന്നില്ല. എന്തുകൊണ്ടാണിത്?

ഉത്തരം: അവിടുന്നത് ചെയ്യില്ല, അതെ, എനിക്കറിയാം. ഓരോന്നും ഒരു ബോണസ് ആണ്, സർ. അതുകൊണ്ട്, നമുക്ക് പ്രതീക്ഷകളൊന്നും പാടില്ല. അവിടുന്ന് എന്തുതന്നെ ചെയ്താലും, അത് നല്ലതിനാണ്.



എന്നെ സംബന്ധിച്ചിടത്തോളം, എനിക്ക് പ്രതീക്ഷകളൊന്നുംതന്നെ ഇല്ല. അവിടുന്ന് എന്നോട് സംസാരിക്കുകയാണെങ്കിൽ, അത് "വളരെ നന്നായി സ്വാമീ." അവിടുന്ന് എന്നോട് സംസാരിക്കുന്നില്ല എങ്കിൽ, എനിക്കറിയാം, നാളെയെങ്കിലും അവിടുന്ന് എന്നോട് സംസാരിക്കാതിരിക്കില്ല. അവിടുന്ന് എന്നെ നോക്കുകയാണെങ്കിൽ, അത് "വളരെ നന്നായി സ്വാമീ." അവിടുന്ന് എന്നെ നോക്കാതിരിക്കുകയാണെങ്കിൽ, നല്ലത്, ഞാൻ ഭഗവാനെ നോക്കുന്നുണ്ടല്ലോ.

അവിടുന്ന് എനിക്ക് ഇന്റർവ്യൂ തരാതിരിക്കുകയാണെങ്കിൽ, ഇന്റർവ്യൂ അനുവദിക്കപ്പെട്ടവരെ ഞാൻ നോക്കും, ഞാൻ അവരിൽ എന്നെ സ്വയം ദർശിക്കുന്നു. എനിക്ക് വാസ്തവമായും അങ്ങനെ തോന്നിക്കുന്നു. ഞാനിവിടെ പ്രസംഗം നടത്തുകയല്ല, ഞാൻ നിങ്ങളോട് സത്യസന്ധമായി പറയുകയാണ്. ഇവിടെ ജീവിതത്തിൽ നിരാശകളില്ല, എന്തുകൊണ്ടെന്നാൽ, ആർക്കെങ്കിലും ഇന്റർവ്യൂ അനുവദിക്കപ്പെടുമ്പോൾ, അവരുടെ സന്തോഷത്തിന്റെ ഒരു അനുവദനീയമായ പങ്ക് എനിക്കും ഉണ്ടെന്ന് ഞാൻ കരുതുന്നു. സ്വാമി നോക്കുന്ന വ്യക്തി സന്തോഷവാനായിരിക്കും. അപ്പോൾ അവരെ ഇരുവരെയും നോക്കുന്നതു വഴി,

എന്റെ ആനന്ദം ഇരട്ടിക്കുന്നു, നിങ്ങൾ ഇപ്രകാരം കരുതുന്നുവോ? ഞാൻ ശരിക്കും ഇതങ്ങനെയാണ് എടുക്കുന്നത്. എനിക്ക് വിഷമം തോന്നാറില്ല. നമുക്ക് വിഷമം തോന്നാൻ കാരണം, നമ്മുടെ വൈയക്തികത(individuality)യെ മുന്നോട്ടുവയ്ക്കുന്നതാണ്, നാം നമ്മുടെ വൈയക്തികസത്ത(individual self)യെക്കുറിച്ച് ചിന്തിക്കുന്നതാണ്. അത് അനാവശ്യമാണ്, ആവശ്യമില്ലാത്തതാണ്.

അവിടുന്ന് സായി കുൽവന്ത് ഹാളിൽ ഒരു പ്രഭാഷണം നടത്തുമ്പോൾ, നാം പ്രഭുവിനെ കാണുന്നു, പ്രഭുവിനെ കേൾക്കുന്നു, പ്രഭുവുമൊത്ത് പാടുന്നു, ഭജനയിൽ ഒപ്പം കൂടുന്നു. ഒരേ സമയം മൂന്ന് അനുഭവങ്ങളാണ്- ദർശനം, ശ്രവണം, ഗാനം. ഇതിലധികമായി നിങ്ങൾക്കെന്തു വേണം? കാരണം, ഒരു വെറും ഓഡിയോ കാസറ്റിന് 50-60 രൂപയാവും, അതിൽ കേൾക്കാൻ മാത്രമേ കഴിയൂ. കാണാൻ പറ്റുന്ന വീഡിയോ കാസറ്റിന് 250 രൂപയാണ് വില. എന്നാൽ, ഇവിടെ കുൽവന്ത് ഹാളിൽ ദർശനം, ശ്രവണം, ഗാനം എല്ലാമുണ്ട്,



വളരെ വിലക്കുറവിൽ, അത്രയ്ക്ക് നിസ്സാരവിലയ്ക്ക്. അതുകൊണ്ട്, ഞങ്ങൾ സന്തോഷവാന്മാരാണ്, അത്രമാത്രം. ഓരോ കാര്യത്തിനും ഞങ്ങൾ സന്തോഷവാന്മാരാണ്, കാരണം ഞങ്ങൾക്ക് തന്നിഷ്ടങ്ങളില്ല.

"അല്ലയോ ഭഗവാനേ, എന്നോടിന്ന് അവിടുന്ന് സന്തോഷപൂർവമാണ് സംസാരിച്ചത്. ഭഗവാനേ, എന്നെ ഇന്ന് അവഗണിച്ചതിൽ അവിടുന്ന് സന്തോഷവാനാവും. ശരി, രണ്ടായാലും ഞാൻ പ്രഭുവിനെ സന്തോഷിപ്പിക്കുന്നു." അതെ, ഞാൻ സത്യസന്ധനായ സ്ഥിതിക്ക്, എന്തുകൊണ്ട് പറ്റില്ല! നിങ്ങളും അങ്ങനെ കരുതുന്നുവോ?

**Q. നാം അവിടുത്തെ ശ്രദ്ധയ്ക്കായി ആഗ്രഹിക്കുന്നത് നമ്മുടെ ഈഗോ കാരണത്താലാണോ?**

ഉത്തരം: അതെ, ഈഗോ കാരണത്താലാണ് നാം അവിടുത്തെ വ്യക്തിപരമായ ശ്രദ്ധ ആഗ്രഹിക്കുന്നത്. ശ്രദ്ധ തേടുന്നത് ശരിക്കും എന്താണ്? ഈഗോ. ശ്രദ്ധ നിഷേധിക്കപ്പെടുമ്പോൾ എന്താണ് വിഷമിക്കുന്നത്? ഈഗോ. പരിഗണന ആസ്വദിക്കുന്നത് എന്താണ്? ഈഗോ. സ്വാമിയുടെ പരിഗണന തനിക്ക് ലഭിച്ചു എന്ന്, ഈ അവതാരത്തിന്റെ കാലത്ത് പരിഗണന ലഭിച്ച ഒരേയൊരു വ്യക്തി താനാണെന്ന്, ഒരുവനെക്കൊണ്ട് ഉറക്കെ വിളംബരം ചെയ്യിക്കുന്നത് എന്താണ്? ഈഗോ. ആദ്ധ്യാത്മികതയുടെ ലക്ഷ്യം ഈഗോ നശിപ്പിക്കുക എന്നതാണ്.




അതുകൊണ്ട്, നിങ്ങളെ ഒഴിവാക്കുന്നതിലൂടെ, അവിടുന്ന് നിങ്ങൾക്ക് മെച്ചപ്പെട്ട ചികിത്സ നൽകുകയാണ്, കാരണം, നിങ്ങൾ സ്വയം നിങ്ങളുടെ ഈഗോയെ കൊല്ലാൻ തുനിയുന്നില്ല. അവിടുന്ന് നിങ്ങളുടെ ഈഗോയെ കൊല്ലുകയാണ്. അതുകൊണ്ട്, ഈ രീതിയിൽ അവിടുന്ന് നിങ്ങളെ സേവിക്കുകയും സഹായിക്കുകയുമാണ്. നിങ്ങളോട് സംസാരിക്കുമ്പോൾ, എന്താണ് അവിടുന്ന് സംസാരിക്കുക? എങ്ങനെ ഈഗോ ഒഴിവാക്കാം, ഈഗോയെ നശിപ്പിക്കാം, ഇതാണ് അവിടുന്ന് സംസാരിക്കുക. നിങ്ങളെ ഒഴിവാക്കുന്നതിലൂടെ, നിങ്ങളുടെ ഈഗോ സ്വാഭാവികരീതിയിൽ നശിപ്പിക്കപ്പെടുന്നു. രണ്ടായാലും, നാം നമ്മുടെ ഈഗോ ഉപേക്ഷിച്ചേ മതിയാവൂ.

കഴിഞ്ഞ 30 കൊല്ലക്കാലത്തെ എന്റെ അനുഭവം ഇതാണ്. ഏഴ് കൊല്ലത്തേക്ക് ഞാൻ പൂർണമായും തഴയപ്പെടുകയുണ്ടായി, എന്നാൽ ഇവിടെ വരുന്നത് ഞാൻ നിർത്തിയില്ല, ഞാൻ എല്ലാവരുടെയും മുമ്പിൽ കരയാനൊന്നും പോയില്ല. ഞാൻ ഈ ലോകത്തെ ദു:ഖഭരിതമാക്കിയില്ല. "ശരി, ഈ ജന്മത്തല്ലെങ്കിൽ, വരുന്ന ജന്മത്തിൽ അവിടുന്ന് എന്നോട് സംസാരിക്കും."

ദയവായി എന്നെ വിശ്വസിക്കൂ സാർ, ഒരു ദിവസം അവിടുന്ന് എന്നോട് ചോദിച്ചു, "അനിൽകുമാർ, നിനക്കെന്താണ് വേണ്ടത്? നിനക്കെന്തു വേണം?"

ഞാൻ പറഞ്ഞു, "സ്വാമീ, ഞാൻ ചോദിക്കാതെതന്നെ അവിടുന്ന് എനിക്ക് എന്താണ് ഈ നിമിഷം വരെ തരാതിരുന്നിട്ടുള്ളത്? ഞാൻ എന്തിന് ചോദിക്കണം? ചോദിക്കാതെതന്നെ അവിടുന്ന് എല്ലാം തന്നിരിക്കുന്നു. എന്താണ് നൽകേണ്ടത്, എന്താണ് നൽകേണ്ടാത്തത്

എന്ന് അറിയാവുന്ന; എന്തിന് നൽകണം, എപ്പോൾ നൽകണം, എപ്പോൾ നൽകരുത് എന്ന് അറിയാവുന്ന ഈശ്വരന്റെ മുമ്പിലാണ് ഞാനെന്ന് എനിക്ക് നന്നായറിയാം. എനിക്ക് ഒന്നും ആവശ്യമില്ല.''

## മോക്ഷം

വളരെനാൾ മുമ്പ്, ബാംഗ്ലൂരിൽവച്ച്, ആരോ മോക്ഷത്തെപ്പറ്റി സംസാരിക്കുകയായിരുന്നു. പെട്ടെന്ന് സ്വാമി ചോദിച്ചു, ''അനിൽകുമാർ, നിനക്ക് മോക്ഷത്തിന് ആഗ്രഹമുണ്ടോ?''

ഞാൻ പറഞ്ഞു, ''സ്വാമീ, എനിക്കത് വേണ്ട.'' എല്ലാവരും തുറിച്ചുനോക്കി!

''നിനക്കത് വേണ്ടെന്നോ, ഒന്നിനും കൊള്ളാത്തവൻ! മറ്റെല്ലാവരും പ്രാർത്ഥിക്കുന്നതുപോലെതന്നെ നീയും. പിന്നെന്തുകൊണ്ട് നിനക്കത് വേണ്ട?''



ഞാൻ പറഞ്ഞു, ''സ്വാമീ, മറ്റുള്ളവരുടെ കാര്യം എനിക്കറിയില്ല, ഞാൻ എന്നെപ്പറ്റിയാണ് പറയുന്നത്. മോക്ഷം എന്താണെന്ന് എനിക്കറിയില്ല! അതെങ്ങനെയിരിക്കും, അത് സുന്ദരമാണോ അതോ വിരൂപമോ, അത് മധുരമോ എരിവുള്ളതോ, പൊക്കമുള്ളതോ കുറുകിയതോ, പാശ്ചാത്യമോ പൗരസ്ത്യമോ? അതെങ്ങനെയിരിക്കും? എന്താണത്? എന്തിനാണ് ഞാനത് ആഗ്രഹിക്കുന്നത്? എനിക്കറിയില്ല. ആരുംതന്നെ മോക്ഷത്തിൽനിന്ന് മടങ്ങിവന്നിട്ട് പറഞ്ഞിട്ടില്ല, 'അത് അത്രയ്ക്ക് സുന്ദരമാണെന്ന് നിങ്ങൾ അറിയും! ദയവായി എന്റെകൂടെ അങ്ങോട്ടുപോരൂ!' എന്നോടാരും ഇങ്ങനെ പറഞ്ഞിട്ടില്ല. അതുകൊണ്ട്, എനിക്ക് അറിയാത്ത ഒന്നിനുവേണ്ടി ആഗ്രഹിക്കുന്നതിനു പകരം, എനിക്ക് ഒരാഗ്രഹമേയുള്ളൂ, കാരണം എനിക്കതിന്റെ രുചിയറിയാം. നിങ്ങൾക്ക് മുമ്പുതന്നെ അറിവുള്ള കാര്യമേ നിങ്ങൾക്ക് ആഗ്രഹിക്കാനാവൂ. നിങ്ങൾക്ക് പിടിയില്ലാത്ത ഒരു കാര്യം നിങ്ങൾക്കെങ്ങനെ ആഗ്രഹിക്കാനാവും? അതിനാൽ, എനിക്ക് രുചിയറിയാവുന്ന ഒന്നാണ് ഞാൻ ആഗ്രഹിക്കുന്നത്.''

അവിടുന്ന് തിരക്കി, ''എന്താണത്?''

**“അവിടുത്തെ സന്ദേശം പ്രചരിപ്പിക്കുക, അവിടുത്തെ സന്ദേശം എല്ലായിടത്തും, ചെറിയ സംഘങ്ങൾക്കും വൻസംഘങ്ങൾക്കുമിടയിൽ, പരത്തുക; കഴിയുന്നിടത്തോളം തവണ, എന്റെ അവസാനശ്വാസം വരേയ്ക്കും. പിന്നെ, അവിടുന്ന് കനിയുകയാണെങ്കിൽ, അടുത്ത ജന്മത്തിലും.”**

അതെ, എന്തുകൊണ്ടെന്നാൽ സ്വാമിയുടെ സന്ദേശം പങ്കുവയ്ക്കുന്നതിന്റെ രുചി എനിക്കറിയാം.

## ''സ്വാമീ, അവിടുന്ന് എന്റെ ജീവിതത്തിന്റെ വെളിച്ചം''

അതങ്ങനെ നിൽക്കട്ടെ, സ്വകാര്യം ഇത്ര മതി. ഫെബ്രുവരി 10-ന്റെ സഭയിലേക്ക് തിരിച്ചുവരാം. ഇത് ഒരു വിദ്യാർത്ഥിയുടെ രചനയാണ്:

*''ഹേ ജഗദംബേ,*
*മാതാവിന്റെ പ്രേമത്തിന്*
*അവിടുത്തോട് നന്ദി പറയേണ്ടെന്ന്*
*ഞങ്ങൾക്കറിയാം.*
*അതിനാൽ, ഞങ്ങൾക്കിന്ന് പറയാനാവുന്നത് ഇതാണ്,*
*ഞങ്ങൾ ഭഗവാനെ സ്നേഹിക്കുന്നു, സ്വാമീ.*
*ഞങ്ങൾ അവിടുന്നിനായി ജീവിക്കുന്നു.*
*ഈ വിശേഷാവസരത്തിൽ,*
*ഞങ്ങൾ, അവിടുത്തെ കുട്ടികൾ,*
*അവിടുന്ന് ഞങ്ങൾക്കേകിയതിനൊക്കെ,*
*ഞങ്ങളുടെ ഹൃദയംഗമമായ കൃതജ്ഞതയാൽ,*
*ഈ പ്രേമത്തിന്റെയും ആനന്ദത്തിന്റെയും ഗീതം*
*അവിടുത്തെ ദിവ്യചരണങ്ങളിൽ അർപ്പിക്കുന്നു.''*



''സ്കൂൾ ദിനങ്ങളാണ്
ഒരുവന്റെ ജീവിതത്തിലെ
ഏറ്റവും സന്തോഷകരമായ ദിനങ്ങളെന്ന്
അവർ പറയുന്നു;
പക്ഷേ, സ്വാമിക്കൊപ്പമുണ്ടായിരുന്ന

ഞങ്ങളുടെ ദിനങ്ങൾ,
ആന്ദകരം മാത്രമല്ല,
പുണ്യതമവും ആവുന്നു.''

*ലോകം ഒരു കളിസ്ഥലമായി തോന്നിക്കവേ,*
*ജീവിതത്തിന്റെ പൊരുൾ ഉല്ലാസവും ആനന്ദവുമായിരിക്കെ,*
*എനിക്ക് ചിന്തിക്കാനാവുമായിരുന്നത്*
*കേവലം വിനോദം മാത്രമായിരിക്കെ,*
*ആ നേരത്താണ് ഞാനൊരു വെളിച്ചം കണ്ടത്.*
*ഞാൻ വളർന്നപ്പോൾ,*
*ആ വെട്ടം എന്നെ നയിക്കുകയും*
*വഴികാട്ടുകയും ചെയ്തു.*
*സ്വാമീ, അവിടുന്ന്*
*എന്റെ ജീവിതത്തിലെ ആ വെളിച്ചമാണ്.''*




''അവിടുന്നെന്റെ
കരം പിടിക്കാനുണ്ടായിരുന്നു,
എനിക്ക് വഴികാട്ടാൻ,
അവിടുത്തെ കാലടികൾക്കൊപ്പം
നടക്കാൻ അനുവദിച്ചുകൊണ്ട്.
എനിക്കൊപ്പം വന്ന കാലടികൾ,
എനിക്കു കാണാനാവാത്ത കാലടികൾ.

എന്റെ ഓരോ ചലനത്തിലും
എന്റെ ഓരോ കാലടിയിലും,
അവിടുന്ന് എനിക്കൊപ്പമുണ്ടായിരുന്നുവെന്ന്
ഞാനറിയുന്നു, സ്വാമീ,
ആദ്യദിനം തൊട്ട്,
ആദ്യഗ്രേഡ് തൊട്ട്,
ഇന്നേ ദിനം വരെ.''

*അവിടുന്ന് എന്നിൽ ചൊരിഞ്ഞ*
*ആനന്ദം, സന്തോഷം, പ്രേമം*
*വിവരിക്കാനാവില്ല;*
*അത് അനുഭവിക്കാനേ പറ്റൂ.*
*അവിടുന്നുമൊത്തുള്ള എന്റെ വാസത്തിൽ*
*ഈ കഴിഞ്ഞ പന്ത്രണ്ടുകൊല്ലമായി*
*ഒരിക്കൽപ്പോലും,*
*ഞാൻ വീട്ടിൽനിന്നകലെയാണെന്ന്*
*എനിക്ക് തോന്നിയില്ല,*
*കാരണം*
*ഞാൻ അവിടുന്നിനെ*
*എന്റെ മാതാവായി, പിതാവായി,*
*സകലതുമായി കരുതുന്നു.''*

## ഭഗവാന്റെ വിഭൂതി ഉടനടി സൗഖ്യമേകുന്നു

അടുത്ത രചന തെലുങ്കിലാണ്. ഞാനതിന്റെ പ്രധാന ഭാഗം നിങ്ങളുമായി പങ്കിടാം:

*''സ്വാമീ, അവിടുത്തെ പ്രേമം*
*പ്രകടനഭാഷയ്ക്കതീതം;*
*അവിടുത്തെ പ്രേമം*
*എല്ലാ അളവുകൾക്കും*
*മാനങ്ങൾക്കും അതീതം.*
*ഈ മധുരപ്രേമത്തിന്റെ തുള്ളികൾ*
*അവിടുത്തെ ചൈതന്യനിലാവ്,*
*വാക്കുകൾക്കതീതം.''*

''സ്വാമീ, ഒരു 11-ാം വർഷ വിദ്യാർത്ഥിക്ക് സംഭവിച്ചത് ഞാൻ വിവരിച്ചോട്ടെ. അവൻ വാത രോഗത്താൽ കഷ്ടപ്പെടുകയായിരുന്നു, കാലുകളിലും സന്ധികളിലും കഠിനമായ വേദന യായിരുന്നു. ദർശനത്തിന് വരാനാവാത്തവണ്ണം അസഹ്യമായ വേദനയായിരുന്നു അവന്.

കുറച്ചു ദിവസങ്ങൾ കഴിഞ്ഞ്, വലിയ പ്രയാസത്തോടെ, അവൻ ദർശനത്തിന് വരികയുണ്ടായി. ഭഗവാൻ, അവിടുന്ന് കരുണാപൂർണമായ പ്രേമത്തോടെ, അവനുനേരെ നടന്നു.

ആ കുട്ടി പറഞ്ഞു, "സ്വാമീ, ഇതാണ് എന്റെ പ്രശ്നം."

"സ്വാമീ, അവിടുന്ന് പൂർണപ്രേമത്തോടെ പറയുകയുണ്ടായി, "കുട്ടീ, ദിവസങ്ങൾക്കു മുമ്പേ നീയെന്തുകൊണ്ടാണ് എന്നോടിത് പറയാതിരുന്നത്? എന്റെ കുഞ്ഞേ, ഇത്രനാളും നീ മിണ്ടാതിരുന്നത് എന്താണ്?"

ആ കുട്ടിക്ക് ഉടനടി സുഖം തോന്നുകയുണ്ടായി.

"സ്വാമീ, എനിക്കിതാണ് ചോദിക്കാനുള്ളത്: ആരാണ് പ്രഭുവിനെ പ്രേമത്തിന്റെ പാഠങ്ങൾ പഠിപ്പിച്ചത്? ആരാണ് പ്രഭുവിന് ഈ പ്രേമകടാക്ഷങ്ങൾ തന്നത്? സ്വാമീ, ആരാണിത് പഠിപ്പിച്ചത്? സ്വാമീ, ഈ മുഴുവൻ വിശ്വത്തെയും ഇങ്ങോട്ട് ആകർഷിക്കുന്നതിനുള്ള ആ ശക്തി ആരാണ് പ്രഭുവിന് തന്നത്? അവിടുത്തെ മൃദുകടാക്ഷത്താൽ ഞങ്ങളുടെ ശരീരത്തിലേക്ക് പ്രസരിക്കുന്ന ചൈതന്യത്തിന്റെ രഹസ്യം എന്താണ്, ഭഗവാൻ? ഞങ്ങൾ അതിശയിക്കുകയാണ്."



ആ വിദ്യാർത്ഥി വീണ്ടും സംസാരിച്ചുതുടങ്ങി.

'നീയെന്താണ് നിന്റെ പ്രശ്നം എന്നോട് ഇതുവരെ പറയാതിരുന്നത്' എന്ന് സ്വാമി ചോദിച്ചു. ആ 11-ാം വർഷ വിദ്യാർത്ഥിക്ക് വളരെ സന്തോഷം തോന്നി.

അവൻ സ്വാമിയോട് പറഞ്ഞു, "സ്വാമീ, എനിക്ക് കുറച്ച് പ്രസാദം തന്നാലും."

ഭഗവാൻ ഉടനടി വിഭൂതി സൃഷ്ടിച്ചു, അവന് കുറച്ച് അധിക പായ്ക്കറ്റുകളും നൽകി.

ഇതൊരു ചെറുസംഭവമാവാം, എന്നാൽ വിഭൂതി ഉടനടിയാണ് മുപ്പതു ദിവസങ്ങളായി സന്ധിവേദന കാരണം, കഠിനമായ വാതം കാരണം, കഷ്ടപ്പെട്ടിരുന്ന ആ കുട്ടിക്ക് സൗഖ്യമേകിയത്.

"സ്വാമീ, ഞാനെന്തു പറയാനാണ്,

ഞാനെന്തു നൽകാനാണ്,

എല്ലാം അവിടുത്തെ സ്വന്തമായിരിക്കെ?

"സ്വാമീ, ഞാനെന്തു ചോദിക്കാനാണ്,

അവിടുന്നെനിക്ക് എല്ലാം തന്നിട്ടുള്ളപ്പോൾ?
ഞാനെന്തു പറയാൻ,
അവിടുന്ന് സർവജ്ഞനായിരിക്കെ?

*"സ്വാമീ, ഞങ്ങളുടെ*
*സ്തുതിയെല്ലാം പ്രഭുവിനായി.*
*സ്വാമീ, അവിടുത്തെ സുന്ദരദർശനം*
*ഞങ്ങളുടെ മനസ്സിന്റെ*
*മണൽത്തിട്ടിലെ കാൽപാടുകൾ.*
*അവിടുത്തെ വശ്യ, കാന്തിക സ്മിതം*
*ഞങ്ങളുടെ ഹൃദയത്തിൽ*
*മായാത്ത മുദ്രകൾ പതിപ്പിച്ചിരിക്കുന്നു.*
*അവിടുത്തെ മൃദുമധുര ഭാഷണം*
*ഞങ്ങളുടെ ശ്വാസത്തിൽപോലും*
*ഞങ്ങളോർക്കും,*
*പകലിരവുതോറും, സ്വാമീ.*

*ഞങ്ങൾ അവിടുത്തെ ദാസർ, ഭഗവാൻ.*
*ഞങ്ങൾ അവിടുത്തെ പ്രേമഭാജനങ്ങൾ, സ്വാമീ."*

*"അവിടുത്തെ മൃദുവായ കടാക്ഷം*
*ഞങ്ങളുടെ ഹൃദയം മീട്ടുന്ന വീണപോലെ*
*സ്വാമീ, അവിടുത്തെ മനോജ്ഞ നയനങ്ങൾ*
*ജീവിതത്തിന്റെ സങ്കീർത്തനങ്ങൾ,*
*സ്വാമീ, അവിടുത്തെ*
*കാറ്റിലിളകുന്ന മുടിച്ചാർത്ത് ശരിക്കും*
*ഞങ്ങളുടെ ജീവിതം പുലർത്തുന്ന തെന്നലാകുന്നു;*
*എത്ര മനോജ്ഞസ്മിതം,*
*പക്ഷികളുടെ നിരകണക്കെ സുന്ദരം,*
*ഒരു നെക്ലേസ് പോലെ, സ്വാമീ.*

*ഞങ്ങൾ പ്രാർത്ഥിക്കുകയാണ്,*

*ജീവിതമുടനീളം അവിടുന്ന്*

*ഞങ്ങൾക്കൊപ്പമുണ്ടാവണേയെന്ന്.”*

(തുടരും)



**പ്രഫ. അനിൽകുമാർ കാമരാജു**
(പരിഭാഷ: എം.എൻ. വിനോദ്കുമാർ)